വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ

4(*94) ശ്രീ. എം. ചന്ദ്രൻ ;
ശ്രീ. കെ. കെ. ജയചന്ദ്രൻ ;
ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ചന്ദനമരങ്ങളുടേയും, മറ്റ് വനോൽപ്പന്നങ്ങളുടേയും മോഷണം തടയുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വന്യജീവി വേട്ട തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) വന്യജീവി സെൻസസിൽ ഏതെല്ലാം വന്യജീവികളുടെ എണ്ണത്തിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട് ; വൈൽഡ് ലൈഫ് ക്രൈം ബ്യൂറോകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) വനമേഖലയിലെ കള്ളവാറ്റും കഞ്ചാവുകൃഷിയും തടയുന്നതിന് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, (എ) വിജിലൻസ് വിഭാഗത്തിൽ നിലവിൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ രണ്ട് മേഖലകളിലായി രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരും, 8 ഫ്ളൈയിംഗ് സ്കാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, അതിനുതാഴെ റെയ്ഞ്ച് ഓഫീസർമാർ, ഫോറസ്റ്റർമാർ, ഫോറസ്റ്റ് ഗാർഡുകൾ എന്നിവരടങ്ങുന്ന 18 ഫ്ളൈയിംഗ് സ്കാഡുകളുമുണ്ട്. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ ഒരു റെയ്ഞ്ച് ഓഫീസറും, 4 ഫോറസ്റ്റ് ഗാർഡുകളും ഉൾപ്പെടെ ഒരു ഇന്റലിജൻസ് സെൽ വിജിലൻസ് വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വനം വകുപ്പിലെ 65 ജീവനക്കാർക്ക് പോലീസ് വിഭാഗം വഴി പ്രത്യേക രഹസ്യാന്വേഷണ പരിശീലനം നൽകിയിട്ടുണ്ട്. 4 പുതിയ ഫ്ളൈയിംഗ് സ്കാഡ് ഡിവിഷനുകൾകൂടി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള ആയുധങ്ങളുടെ ലഭ്യതയും, വാർത്താ വിനിമയ സംവിധാനങ്ങളും, വാഹന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) ചന്ദന മോഷണം, മറ്റ് വനോൽപ്പന്നങ്ങളുടെ മോഷണം, വന്യജീവി വേട്ട എന്നിവ ഫലപ്രദമായി തടയുന്നതിലും കുറ്റകൃത്യങ്ങൾ കണ്ടു പിടിക്കുന്നതിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. രഹസ്യാന്വേഷണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ, വനാന്തരങ്ങളിലെ ആന്റി പോച്ചിംഗ് ക്യാമ്പുകൾ, വനമേഖലകളിലെ നിരന്തരമായ പരിശോധന, റോഡിലെ പട്രോളിംഗ്, വനസംരക്ഷണസമിതികളുടെ പ്രവർത്തനങ്ങൾ, ശക്തമായ പ്രോസിക്യൂഷൻ നടപടികൾ എന്നിവ വഴി വനം വന്യജീവി കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കാനും, കേസ്സുകൾ ഫലപ്രദമായി നടത്താനും സാധിച്ചിട്ടുണ്ട്.

(ഡി) വന്യജീവി കണക്കെടുപ്പ് നടത്തുമ്പോൾ വന്യജീവികളുടെ എണ്ണത്തിൽ ചില ഏറ്റകുറച്ചിലുകൾ ഉണ്ടാകാറുണ്ട്. കടുവ, ആന എന്നിവയുടെ സെൻസസാണ് പതിവായി നടത്തിവരുന്നത്. 2006-ലെ സെൻസസ് പ്രകാരം കടുവകളുടെ എണ്ണത്തിൽ കുറവുവന്നതായി കണ്ടിരുന്നു. 2010-ലെ സെൻസസിന്റെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും കടുവകളുടെ എണ്ണത്തിൽ വർദ്ധനവുള്ളതായാണ് സൂചന. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ ചെന്നൈ റീജിയണൽ ഓഫീസിനു കീഴിലുള്ള കൊച്ചിയിലെ സബ് റീജിയണൽ ഓഫീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) വിജിലൻസ് വിഭാഗത്തിന്റെകൂടി പ്രവർത്തനഫലമായി വനത്തിനുള്ളിൽ കഞ്ചാവ് കൃഷിയും, വ്യാജവാറ്റും ഫലപ്രദമായി തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിജിലൻസ് വിഭാഗം കൺസർവേറ്റർമാരുടെയും, ടെറിട്ടോറിയൽ, ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും നേതൃത്വത്തിൽ വനത്തിനുള്ളിലും, അന്തർ സംസ്ഥാന വനാതിർത്തികളിലും, ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് ഡിവിഷണൽ ജീവനക്കാരുടെ സഹകരണത്തോടെ വനത്തിനുള്ളിൽ ക്യാമ്പ് ചെയ്തും പരിശോധന നടത്തിയുമാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, ഇപ്പോൾ വന്യജീവികളുടെ സെൻസസ് നടത്തിവരുന്നുണ്ട്. ഇതിൽ ആനകളുടെയും കടുവകളുടെയും ഒക്കെ സെൻസസാണ് പ്രധാനമായും നടക്കുന്നത്. വലിയ വിശ്വാസ്യതയൊന്നും സെൻസസിന്റെ കണക്കുകളിൽ നിന്നും നേടാൻ കഴിയുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇപ്പോഴും പഞ്ചൻ രീതിയിലുള്ള സെൻസസൊക്കെയാണ് നടക്കുന്നത്. ആധുനിക രീതിയിലുള്ള സെൻസസ് നടപ്പിലാക്കിയിട്ടുണ്ടോ? അതിന് വേണ്ടിയിട്ടുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ബിനോയ് വിശ്വം</u> : സർ, നാഷണൽ വൈൽഡ് ലൈഫ് ബോർഡ് അടക്കമുള്ള ഏറ്റവും പുതിയ ഏജൻസികൾ പറയുന്ന കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. ഇതിൽ മാറ്റം വരുത്തണമെങ്കിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : സർ, ചന്ദനമരങ്ങളുടെയും വനോൽപ്പന്നങ്ങളുടെയും മോഷണം തടയുന്നതിനുവേണ്ടി വ്യക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതുമായി ബന്ധപ്പെട്ട് എത്ര കേസ് എടുത്തിട്ടുണ്ട്? എത്ര കേസിൽ ശിക്ഷിച്ചിട്ടുണ്ട്? എത്രപേർ ജയിലിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ഈ കാലയളവിൽ ഏകദേശം മുന്നൂറോളം കേസുകൾ എടുത്തിട്ടുണ്ട്. പല കേസുകളിലും നല്ലരീതിയിലുള്ള അന്വേഷണം ഉണ്ടായിട്ടുണ്ടെന്നുമാത്രമല്ല, നക്ഷത്ര ആമ, ഇരുതലമൂരി പാമ്പ് തുടങ്ങിയവയുടെയൊക്കെ കള്ളക്കടത്ത് തടയുന്ന കാര്യത്തിൽ കേരളം വളരെ മുമ്പോട്ട് പോയിട്ടുണ്ട്. ഇവിടെ ഇപ്പോൾ മുമ്പുള്ളതിനേക്കാൾ കുറ്റകൃത്യങ്ങൾ കുറഞ്ഞിരിക്കുകയാണ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേരള വനാതിർത്തിയോട് ചേർന്ന് വാൽപ്പാറയിൽ ആനകളുടെയും പുലികളുടെയും ആക്രമണത്തിൽ അമ്പേ വിലപ്പെട്ട ജീവനുകൾ നഷ്ടമാകുകയുണ്ടായി. തമിഴ്നാട് അതിർത്തിയിലാണ് ഇതെങ്കിലും കേരള വനാതിർത്തിയോട് ചേർന്ന പ്രദേശമാണിത്. നമ്മുടെ അതിർത്തിയിൽപ്പെട്ട മലക്കപ്പാറയിലെ തോട്ടം തൊഴിലാളികളും ആദിവാസികളും മറ്റ് ജനങ്ങളും ഭയവിഹ്വലരായി കഴിയുകയാണ്. കാട്ടുമൃഗങ്ങളുടെ ശല്യം തടയുന്നതിന് ആവശ്യമായ ജാഗ്രതയും ശക്തമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, നമ്മുടെ നാട്ടിൽത്തന്നെ വന്യജീവി ആക്രമണത്തിന്റെ ഒരുപാട് പ്രശ്നങ്ങളുണ്ട്. നമ്മൾ ഇനി വാൽപ്പാറയിൽ കൂടി പോയിട്ട് ഏറ്റെടുക്കാൻ നോക്കുന്നത് ബുദ്ധിപരമായ കാര്യമല്ല.

ശ്രീ. ബാബു പോൾ : സർ, ചന്ദനമരങ്ങളുടെയും മറ്റ് വനോൽപ്പന്നങ്ങളുടെയും മോഷണം തടയുന്നതിലും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിലും ജീവൻപോലും ബലിയർപ്പിച്ചുകൊണ്ട് മാതൃകാപരമായി പ്രവർത്തിക്കുന്നവരാണ് വനംവകുപ്പ് മേഖലയിലെ വാച്ചർമാർ. അവരുടെ യൂണിഫോം, ഇൻഷുറൻസ് പദ്ധതി, ഐഡന്റിറ്റി കാർഡ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിതലത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിൽവരുത്താത്തത് എന്തുകൊണ്ടാണ്? ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, വാച്ചർമാർ വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ നല്ല അളവിൽ സഹായിക്കുന്നുണ്ട്. അവരുടെ കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. അതിനായി മുമ്പോട്ടുപോകുന്നുമുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ വികസനത്തിന് തമിഴ്നാട് മോഡൽ സ്വീകരിക്കുന്നതിനുള്ള നടപടി

5(*95) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയ ശേഷം കൈവരിച്ചിട്ടുള്ള നേട്ടം വിശദമാക്കുമോ ;